**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3461** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിരമിച്ച അദ്ധ്യാപകന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ വണ്ടൂർ എ.ഇ.ഒ. യുടെ കീഴിൽ വരുന്ന ഉതിരംപൊയിൽ ജി.എം.എൽ.പി. സ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ റോയ് എം. മാത്യുവിന് ഡി.സി.ആർ.ജി. ലഭിക്കുന്നതിന് ബാധ്യതാരഹിത പത്രം (എൻ.എൽ.സി. ) നൽകുന്നതിൽ വണ്ടൂർ എ.ഇ.ഒ. ഓഫീസിൽ നിന്നും വരുത്തുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വണ്ടൂർ ഉപജില്ലയിലെ ഉതിരംപൊയിൽ ജി.എൽ.പി.എസ്.-ൽ 05-07-2022-ൽ പ്രധാനാധ്യാപകനായിരുന്ന ശ്രീ. റോയ് എം മാത്യു-ന്റെ വിരമിക്കൽ തീയതി 30-04-2025 ആണ്. എന്നാൽ ടിയാൾ 2025 ജനുവരി 15 മുതൽ എൽ.പി.ആർ.-ൽ പ്രവേശിച്ചു. മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 30-06-2025-ലെ NM 1/7511/2025/KDIS ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 01-06-2021 മുതൽ 31-05-2023 വരെയുള്ള കാലയളവിലെ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റിലെ തടസ്സവാദങ്ങൾ തീർപ്പാക്കാത്തതിനാൽ ആയത് തീർപ്പാക്കുന്ന മുറയ്ക്ക് ശ്രീ. റോയ് എം മാത്യുവിന് ബാധ്യതാ രഹിതപത്രം നൽകുവാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>മേൽ കാലയളവിലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ സ്കൂളിൽ ലഭ്യമല്ല. ഈ കാലയളവിൽ പ്രധാനാധ്യാപക ചാർജ്ജ് വഹിച്ചിരുന്ന ശ്രീ.അലി അക്ബർ ജി.എച്ച്.എസ്. അഞ്ചച്ചവിടിയിലേക്ക് സ്ഥലംമാറ്റം ലഭിച്ച് പോയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കാൻ സാധിക്കാത്തതിനാൽ ആയത് ശ്രീ.അലി അക്ബർ എന്നവരുടെ ബാധ്യതയായി നിശ്ചയിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പ്രധാനാധ്യാപികയോട് വണ്ടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ചില ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടായിട്ടുള്ളതായി പറയുന്ന കൃത്യവിലോപം മൂലം ടിയാൻ അനുഭവിക്കുന്ന പ്രയാസങ്ങൾ അടിയന്തരമായി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01-06-2023 മുതൽ 31-05-2025 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരം ഉതിരം പൊയിൽ ജി.എൽ.പി. സ്കൂളിലെ 01-06-2021 മുതൽ 31-05-2023 വരെയുള്ള കാലയളവിലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റിലെ തടസ്സവാദങ്ങൾ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിന് പ്രധാനാധ്യാപികക്ക് വണ്ടൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് തീർപ്പാക്കുന്ന മുറയ്ക്ക് ശ്രീ റോയ് എം മാത്യു-ന് ബാധ്യതാ രഹിതപത്രം അനുവദിക്കുന്നതാണ്. |
| (സി) | അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇത്തരം കേസുകളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഉണ്ടാകുന്ന മന:പൂർവമായ കാലതാമസത്തിന് വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാറുണ്ട്. |
| (ഡി) | എൻ.എൽ.സി. നൽകുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | എൻ.എൽ.സി. നൽകുന്നതിൽ മനപൂർവമായ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ